


# 25 വർഷങ്ങളിലൂടെ......

ചേർത്തല ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂൾ ഹയർ സെക്കണ്ടറിയായി ഉയർത്തിയിട്ട് ഇരുപത്തിഅഞ്ചുവർഷം പൂർത്തിയാവുകയാണ്. ആലപ്പുഴ റവന്യൂജില്ലയിലെ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ ഒന്നാംസ്ഥാനത്ത് എത്തുവാൻ നമുക്ക് കഴിഞ്ഞു. രജത ജൂബിലിയുടെ നിറവിൽ കഴിഞ്ഞ വർഷങ്ങളിലേക്ക് നമുക്കൊന്ന് തിരിഞ്ഞു നോക്കാം.

**2000-01**

ഹോളി ഫാമിലി ഹൈസ്ക്കൂൾ 2000 ജൂലൈ 26-ാം തീയതി ഹയർ സെക്കണ്ടറിയായി ഉയർത്തിക്കൊണ്ടുള്ള ഉത്തരവായി. 2000 ഓഗസ്റ്റ് 7-ാം തീയതി മുട്ടം സെന്റ് മേരീസ് ഫോറോനാ പള്ളിയുടെ പാസ്റ്റൽ സെന്ററിൽ ക്ലാസ് ആരംഭിച്ചു. തുടക്കത്തിലെ ബുദ്ധിമുട്ടുകൾ സഹിച്ച ബാച്ചായിരുന്നു ഇത്.

**2001-2002**

ഹയർസെക്കണ്ടറിയുടെ സ്ഥാപക മാനേജറായി ബഹുമാനപ്പെട്ട ജോൺ തേക്കാനത്തച്ചന്റെ ശക്തമായ നേതൃത്വവും, പരിശ്രമവും കൊണ്ട് 2002 ൽ തന്നെ സൗകര്യമുള്ള പുതിയ കെട്ടിടത്തിലേക്ക് മാറാൻ കഴിഞ്ഞു. 2002 ജനുവരി 28-ാം തീയതി അന്നത്തെ കേന്ദ്രപ്രതിരോധമന്ത്രിയും അന്നത്തെ പ്രതിപക്ഷ നേതാവും ഹോളിഫാമിലിയുടെ പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീ. എ.കെ. ആന്റണിയാണ് ഹയർ സെക്കണ്ടറി ബ്ലോക്ക് ഉദ്ഘാടനം ചെയ്തത്.

ആദ്യത്തെ പരാധീനതക്കിടയിലും ചേർത്തല സബ് ജില്ലയിൽ 77 ശതമാനത്തോടെ ഒന്നാംസ്ഥാനത്ത് എത്താൻ നമുക്ക് കഴിഞ്ഞു.

**2002-2003**

പഠനപ്രവർത്തനത്തോടൊപ്പം കലാമേഖലയിലും തനതായ വ്യക്തിമുദ്ര പതിപ്പിക്കാൻ ഈ വർഷം നമുക്കായി. ജില്ലാതലത്തിൽ മാർഗംകളി, സിനിമാറ്റിക് ഡാൻസ്, എന്നിവയിൽ ഒന്നാംസ്ഥാന

വും പോയിന്റ് നിലയിൽ ജില്ലയിൽ 5-ാം സ്ഥാനവും നേടാൻ നമുക്കായി. ആ വർഷം എറണാകുളത്തു വച്ചു നടന്ന സംസ്ഥാന ഹയർ സെക്കണ്ടറി മേളയിൽ സിനിമാറ്റിക് ഡാൻസിന് ഒന്നാംസ്ഥാനം നേടാനായത് എടുത്തുപറയാൻ പറ്റുന്ന വിജയമാണ്.

ഗയിംസിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടാനും നമുക്ക് കഴിഞ്ഞു. റിസൾട്ടിന്റെ കാര്യത്തിൽ 89 ശതമാനത്തോടെ സബ് ജില്ലയിൽ ഒന്നാംസ്ഥാനം നിലനിർത്താനും നമുക്ക് സാധിച്ചു. എറണാകുളം അങ്കമാലി അതിരൂപതയിലെ ഏറ്റവും മികച്ച വിദ്യാലയമായി സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടത് അവിസ്മരണീയമായ നേട്ടമാണ്.

## 2003 - 2004

ജില്ലാതലത്തിൽ മാർഗ്ഗംകളി, നാടകം എന്നിവയിൽ ഒന്നാംസ്ഥാനം നേടുകയും സംസ്ഥാനതലത്തിൽ മികച്ച വിജയം നേടാനും നമുക്ക് സാധിച്ചു. ഗെയിംസിൽ ഓവറോൾ കീരിടം നിലനിർത്തി. റിസൾട്ട് 97.36% ആയി സബ് ജില്ലയിൽ നമ്മുടെ കിരീടം വീണ്ടും ഉറപ്പിച്ചു.

## 2004-2005

ആദ്യമായി ഹോളി ഫാമിലി എച്ച്.എസ്. എസിന് റാങ്ക് നേടാൻ കഴിഞ്ഞ വർഷമായിരുന്നു അത്. കുമാരി സേതുലക്ഷ്മി എസ്. 600ൽ 577 മാർക്ക് നേടി നാലാംറാങ്കിന് അർഹയായി. റിസൾട്ടിന് സബ് ജില്ലയിൽ ഒന്നാംസ്ഥാനവും ഗെയിംസിൽ ഓവറോൾ ചാമ്പ്യൻഷിപ്പും നേടാൻ സ്കൂളിന് സാധിച്ചു

## 2005 - 2006

98% റിസൾട്ടോടെ ജില്ലയിൽ രണ്ടാംസ്ഥാനം നേടാൻ ആ വർഷം നമ്മുടെ സ്കൂളിന് സാധിച്ചു. മാർഗംകളി, ദേശഭക്തിഗാനം എന്നിവയിൽ ജില്ലാതലത്തിൽ ഒന്നാംസ്ഥാനവും സംസ്ഥാനതലത്തിൽ എ ഗ്രേഡും നേടാൻ നമുക്ക് സാധിച്ചു. കായിക മേഖലയിലെ ഓവറോൾ ചാമ്പ്യൻഷിപ്പ് ആ വർഷവും നമുക്കായിരുന്നു.

## 2006 - 2007

ഗ്രേഡിംഗ് രീതിയിൽ ഹയർ സെക്കണ്ടറിതലത്തിൽ പരീക്ഷ നടത്തിയ ആദ്യ വർഷമായിരുന്നു അത്. മുഴുവൻ വിഷയങ്ങൾക്ക് A+ വാങ്ങിയ രണ്ടു കുട്ടികളെ നേടിക്കൊണ്ടും 94% റിസൾട്ടോടുകൂടി ചേർത്തല വിദ്യാഭ്യാസ ജില്ലയിൽ ഒന്നാംസ്ഥാനത്തിന് നമ്മൾ അർഹരായി. കലാകായിക മേഖലയിലും മികച്ച വിജയം നിർത്താൻ ആ വർഷം നമുക്ക് സാധിച്ചു.

## 2007 - 2008

മുഴുവൻ വിഷയങ്ങൾക്ക് A+ നേടിയ ആറ് വിദ്യാർത്ഥികളെയും 98% റിസൾട്ടോടുകൂടി റവന്യൂ ജില്ലയിൽ ഒന്നാമതാകാൻ ആ വർഷവും നമുക്ക് സാധിച്ചു. സബ് ജില്ലാതലത്തിൽ ഹയർ സെക്കൻഡറിക്ക് വേണ്ടി കൂടി കലാമേള ആരംഭിച്ച വർഷമായിരുന്നു അത്. കലാമേളയിൽ ചേർത്തല സബ് ജില്ലയിൽ ആദ്യ വർഷം തന്നെ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടാൻ നമുക്ക് പ്രയാസമുണ്ടായില്ല. പഞ്ചവാദ്യത്തിൽ സംസ്ഥാനതലത്തിൽ Third F ഗ്രേഡും മദ്ദളത്തിന് എ ഗ്രേഡും നേടാൻ നമ്മുടെ കുട്ടികൾക്ക് സാധിച്ചു.

## 2008 - 2009

എല്ലാ മേഖലകളിലും തിളക്കമാർന്ന വിജയം നേടാൻ ഈ വർഷവും സാധിച്ചു. പൊതു പരീക്ഷയിൽ 98% വിജയം നേടി റവന്യൂ ജില്ലയിലെ തന്നെ ഒന്നാംസ്ഥാനത്തിന് അർഹരായി. ആറ് വിദ്യാർത്ഥികൾ എല്ലാ വിഷയത്തിലും എ പ്ലസ് നേടുകയുണ്ടായി സബ്ജില്ലാ യുവജനോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. സംസ്ഥാന യുവജനോത്സവത്തിൽ പഞ്ചവാദ്യത്തിന് A ഗ്രേഡോടെ മൂന്നാംസ്ഥാനവും മൃദംഗത്തിന് A ഗ്രേഡും ലഭിക്കുകയുണ്ടായി.



## 2009 – 2010

ദശകത്തിന്റെ നിറവിലായ ആ വർഷം ചേർത്തല പട്ടണത്തിനെന്നല്ല ആലപ്പുഴയ്ക്ക് തന്നെ തിലകക്കുറിയാണ് ചേർത്തല ഹോളി ഫാമിലി ഹയർസെക്കൻഡറി സ്കൂൾ. എറണാകുളം അങ്കമാലി അതിരൂപതയുടെ കീഴിലുള്ള സെന്റ് മേരീസ് ഫൊറോന പള്ളിയുടെ അധികാരപരിധിയിൽപ്പെടുന്ന ഈ വിദ്യാലയത്തിൽ സയൻസ് ബയോളജി, സയൻസ് കമ്പ്യൂട്ടർ, കൊമേഴ്സ് വിഭാഗങ്ങളിലായി 300 ൽ അധികം വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നുണ്ടായിരുന്നു. ഈ വിദ്യാലയത്തിൽ അഡ്മിഷൻ കിട്ടുക എന്നത് തന്നെ ചേർത്തല നിവാസികൾ അഭിമാനമായി കരുതിയിരുന്നു. ഗ്രേഡിങ് അനുസരിച്ച് 2010 മാർച്ചിൽ നടന്ന പരീക്ഷയിൽ ഏറ്റവും മെച്ചപ്പെട്ട വിജയം നേടുകയുണ്ടായി. എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ 11 കുട്ടികളിലൂടെ റിസൾട്ടിലും മുഴുവൻ A+ നേടിയവരുടെ കാര്യത്തിലും സംസ്ഥാനതലത്തിൽ നാലാംസ്ഥാനം നേടാൻ നമുക്ക് കഴിഞ്ഞു എന്നത് അഭിമാനപുരസ്സരം പറഞ്ഞുകൊള്ളട്ടെ.

## ദശാബ്ദി ആഘോഷങ്ങൾ

മുട്ടം ഹോളി ഫാമിലി ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗത്തിന്റെ ദശാബ്ദി ആഘോഷങ്ങൾ 2019 ഓഗസ്റ്റ് മാസം ആഘോഷിക്കുകയുണ്ടായി. വിദ്യാഭ്യാസം സാംസ്കാരികം ഭക്ഷ്യവകുപ്പ് ജലസേചന പൊതുവിതരണം എന്നീ വകുപ്പുകളുടെ മന്ത്രിയായി ചുമതല അനുഷ്ഠിച്ചിട്ടുള്ള ബഹുമാനപ്പെട്ട ശ്രീ. ടി.എം. ജേക്കബ് ആണ് ദശാബ്ദി ആഘോഷങ്ങ



ളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തത്. അന്നത്തെ സ്കൂൾ പ്രിൻസിപ്പൽ ശ്രീ. എൻ.ജെ. വർഗീസ് സാറും, സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ശാന്തമ്മ ജോണും, PTA പ്രസിഡന്റ് ശ്രീ. ഐസക്ക് മാടവനയും ആയിരുന്നു.

## ജൂബിലി കമ്മിറ്റി

| | |
|---|---|
| ജനറൽ കൺവീനർ | : വി.എച്ച്. ആന്റണി |
| ചീഫ് എഡിറ്റർ | : ലിസാ കുര്യൻ |
| കോമ്പറ്റീഷൻ കൺവീനർ | : സി.ജെ. വർഗീസ് |
| പ്രോഗ്രാം കൺവീനർ | : ഷേർളി ജെ. |
| പബ്ലിസിറ്റി കൺവീനർ | : ബൈജു ജോസഫ് |
| സബ് എഡിറ്റർ | : ജോബി കെ.വി. |
| ജോയിന്റ് കൺവീനർ | : ഷാജി ജോസഫ് |

അന്നത്തെ സ്കൂൾ മാനേജർ റവ. ഫാ. സെബാസ്റ്റ്യൻ മാണിക്യത്താൻ അച്ചന്റെ അധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനത്തിൽ ഹയർ സെക്കണ്ടറി സ്ഥാപക മാനേജരായ റവ. ഡോ. ജോൺ തേക്കാനത്ത് അനുഗ്രഹപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ എൻ.ജെ. വർഗീസ്, ഹെഡ്മിസ്ട്രസ് ശ്രീ. ശാന്തമ്മ ജോൺ, ജൂബിലി ജനറൽ കൺവീനർ



ശ്രീ. ആന്റണി വി.എച്ച്., പി.ടി.എ. പ്രസിഡന്റ് ശ്രീ. ഐസക്ക് മാടവന എന്നിവർ സംസാരിച്ചു. വിവിധ കലാപരിപാടികൾ അന്നത്തെ സമ്മേളനത്തിന് മിഴിവേകി. ദശാബ്ദി ആഘോഷത്തിന്റെ ഓർമ്മയ്ക്കായി 'സ്മൃതി 2010' പ്രകാശനം ചെയ്തു.

**2010–2011**

98 ശതമാനം വിജയത്തോടെ അഞ്ചുപേർ പേർ ഫുൾ എ+ ന് അർഹരായി. ജില്ലാ ഗെയിംസ്, ഉപജില്ലാ കലോത്സവം എന്നിവയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. പാഠ്യേതര മേഖലയിൽ മികവ് തെളിയിച്ചു.

**2011–2012**

സയൻസ് ബയോളജി വിഭാഗത്തിൽ ഒരു അധിക ബാച്ചുകൂടി അനുവദിക്കപ്പെട്ടതിനാൽ ഈ വർഷം മുതൽ കൂടുതൽ കുട്ടികളെ ഉൾക്കൊള്ളാൻ നമുക്ക് കഴിഞ്ഞു. 17 കുട്ടികൾ മുഴുവൻ വിഷയങ്ങളിലും എ+ കരസ്ഥമാക്കുകയും 98 ശതമാനം വിജയം നേടുകയും ചെയ്തതിനോടൊപ്പം കുച്ചുപ്പുടി, ഹിന്ദി, മാർഗംകളി എന്നീ ഇനങ്ങളിൽ സംസ്ഥാന കലോത്സവത്തിൽ സമ്മാനം നേടി പാഠ്യ- പാഠ്യേതര മേഖലകളിൽ ഒരുപോലെ മികവ് നില നിർത്തി. ജില്ലാ ഗെയിംസ് മത്സരങ്ങളിൽ ചാമ്പ്യൻഷിപ് വീണ്ടും നമ്മുടെ സ്കൂളിന് സ്വന്തം.

**2012–2013**

92 ശതമാനം വിജയവും 16 ഫുൾ എ+ ഉം നേടിയതിനോടൊപ്പം ജില്ലാ ഗെയിംസ് മത്സരങ്ങളിൽ ചാമ്പ്യൻഷിപ്പ് നിലനിർത്താനും മാർഗംകളി, വഞ്ചിപ്പാട്ട്, കൊളാഷ്, ഉറുദു പദ്യംചൊല്ലൽ, ഗണിതശാസ്ത്രം, സാമൂഹികശാസ്ത്രം, വർക്ക് എക്സ്പീരിയൻസ് എന്നീ ഇനങ്ങളിൽ സംസ്ഥാനതലത്തിൽ എ ഗ്രേഡ് കരസ്ഥമാക്കാനും നമ്മുടെ സ്കൂളിന് സാധ്യമായി.

**2013–2014**

21 കുട്ടികൾ മുഴുവൻ വിഷയങ്ങൾക്കും എ+ കരസ്ഥമാക്കി 92 ശതമാനം വിജയം നേടി. പാഠ്യേതര മേഖലകളിലെ മികവ്, ജില്ലാ ഗെയിംസ് ചാമ്പ്യൻഷിപ്പ്, സംസ്ഥാനതല ഗെയിംസിൽ, വെയിറ്റ് ലിഫ്റ്റിങ്, ഷട്ടിൽ ബാഡ്മിന്റൺ, കബഡി, ക്രിക്കറ്റ് എന്നിവയിൽ വിജയം നേടിയെടുക്കാൻ സാധിച്ചു. സംസ്ഥാന കലോത്സവത്തിൽ മാർഗംകളി, കഥാപ്രസംഗം, സംസ്കൃതഉപന്യാസം, കാർട്ടൂൺ, ഓട്ടൻ തുള്ളൽ തുടങ്ങിയവയിലും സംസ്ഥാനതല ശാസ്ത്ര-സാമൂഹികശാസ്ത്ര പ്രവൃത്തി പരിചയമേളയിൽ വർക്കിംഗ് മോഡൽ, ബഡ്ഡിങ് & ഗ്രാഫ്റ്റിംഗ്, പ്രൊഡക്റ്റ് യൂസിങ് Screw pine, ഷീറ്റ് മെറ്റൽ വർക്ക്, ഡിജിറ്റൽ പെയിന്റിംഗ് എന്നിവയിലും വിജയം നേടി സംസ്ഥാനതലത്തിൽ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി മാറി.

**2014–2015**

96 ശതമാനം വിജയത്തോടെ 28 കുട്ടികൾ മുഴുവൻ വിഷയങ്ങൾക്കും എ+ നേടി സ്കൂളിന് അഭിമാനമായി മാറി .

പാഠ്യപാഠ്യേതര വിഭാഗങ്ങളിൽ നമ്മുടെ സ്കൂൾ മികവാർന്ന പ്രകടനം കാഴ്ചവച്ചു. സംസ്ഥാനതല യുവജനോത്സവത്തിൽ ഹിന്ദി ഉപന്യാസത്തിന് മാസ്റ്റർ സത്യാനന്ദ് ബി. പ്രഭു എ ഗ്രേഡ് നേടി രണ്ടാംസ്ഥാനത്തിന് അർഹനായി, മാർഗ്ഗംകളിക്ക് എ ഗ്രേഡ് ലഭിച്ചു. സംസ്ഥാനതലത്തിൽ നടന്ന പ്രവൃത്തി പരിചയമേളയിൽ മാസ്റ്റർ ബോണി കുരുവിള ബഡ്ഡിങ് ആൻഡ് ഗ്രാഫ്റ്റിംഗ് വിഭാഗത്തിൽ മികച്ച ഗ്രേഡ് കരസ്ഥമാക്കി.



**2015–2016**
98 ശതമാനം വിജയത്തോടെ 25 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും എ+ നേടി. പാഠ്യപാഠ്യേതര , കലാകായിക മത്സരങ്ങളിൽ ഈ വർഷവും നമ്മുടെ കുട്ടികൾ മികവാർന്ന പ്രകടനം കാഴ്ചവയ്ക്കുകയുണ്ടായി

**2016–2017** 98.5 ശതമാനം വിജയം നേടുന്നതിനൊപ്പം 38 കുട്ടികൾക്ക് മുഴുവൻ വിഷയങ്ങൾക്ക് എ+ കൊടുക്കാനും നമുക്ക് സാധ്യമായി. കുമാരി ആൻമരിയ കെ. ബിനു, കുമാരി ദേവീകൃഷ്ണ എന്നിവർ പൊതു പരീക്ഷയിൽ മുഴുവൻ മാർക്കും നേടി സ്കൂളിന്റെ യശസ്സുയർത്തി. NSSന്റെ നേതൃത്വത്തിൽ നടത്തിയ പച്ചക്കറികൃഷി സംരംഭം ജില്ലാ തലത്തിൽ ഒന്നാംസ്ഥാനവും സംസ്ഥാനതലത്തിൽ മൂന്നാംസ്ഥാനവും നേടി പുതുചരിത്രം രചിച്ചു.

**2017–2018** 97.5 ശതമാനം വിജയവും 27 ഫുൾ എ+ നേടി അഭിമാനകരമായ നേട്ടം. കുമാരി കൃഷ്ണ ചൈതന്യ ദേശീയതല തൈക്കോണ്ടോ മത്സരത്തിൽ പങ്കെടുത്ത് സ്കൂളിന്റെ കീർത്തി ഉയർത്തി. സംസ്ഥാനതല ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹിക ശാസ്ത്ര പ്രവൃത്തി പരിചയ മേളയിലും സംസ്ഥാന കായികമേളയിലും സമ്മാനം നേടാനായത് അഭിമാന മുഹൂർത്തം.

**2018–2019** കുമാരി നന്ദന ആർ. മുഴുവൻ മാർക്കും കരസ്ഥമാക്കിയ പൊതുപരീക്ഷയിൽ 28 കുട്ടികൾ മുഴു വൻ വിഷയങ്ങൾക്കും A+ നേടുകയും സ്കൂളിന് 97.5 ശതമാനം വിജയം കൈവരിക്കാനാവുകയും ചെയ്തു. മാർഗ്ഗംകളി, ഭരതനാട്യം, കുച്ചുപ്പുടി, കേരളനടനം എന്നീ ഇനങ്ങളിൽ സംസ്ഥാന കലോത്സവത്തിൽ സമ്മാനം നേടിയതിനൊപ്പം സംസ്ഥാനതല ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹ്യമേളയിലും പ്രവൃത്തി പരിചയമേളയിലും വിജയം നേടി.

**2019–2020** :- 98 ശതമാനം വിജയം 28 ഫുൾ A+ മാർഗംകളി, സംഘഗാനം, പ്രവൃത്തി പരിചയ മേള ഗണിതമേള എന്നിവയിൽ സംസ്ഥാന തലത്തിൽ A grade കരസ്ഥമാക്കി.

**2020–2021** 98 ശതമാനം. വിജയം 73 ഫുൾ A+. ലോകം മുഴുവൻ കൊറോണ എന്ന മഹാവ്യാധിയുടെപിടി യിൽ അമർന്നതിനാൽ പാഠ്യേതര മേഖലകളിൽ മാറ്റുരക്കാൻ വിദ്യാർഥികൾക്ക് അവസരം നഷ്ടപ്പെട്ട കാലഘട്ടം.

**2021–2022** 93 ശതമാനം വിജയം. 39 ഫുൾ എ+ (കൊറോണ)

**2022–2023** 91 % വിജയം 37 ഫുൾ A+. ഉപജില്ല ശാസ്ത്രമേള, കായികമേള, കലോത്സവം എന്നിവയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്. ജില്ലാ കലോ ത്സവത്തിൽ മൂന്നാംസ്ഥാനം. ദേശീയതല കരാട്ടെ മത്സരത്തിൽ നമ്മുടെ സ്കൂളിലെ സൂര്യമോൾ പങ്കാളിയായി. സംസ്ഥാന കരാട്ടെ, തൈക്കോണ്ടോ മത്സരങ്ങളിൽ മിടുക്കരായ നമ്മുടെ കുട്ടികൾ വിജയം നേടി. മാർഗംകളി, മോഹിനിയാട്ടം, നാടോടി നൃത്തം, കാവ്യകേളി, മാപ്പിളപ്പാട്ട് പരിചമുട്ടുകളി, ചവിട്ടുനാടകം എന്നീ ഇനങ്ങളിൽ സംസ്ഥാന തല വിജയികളായി ഹോളിഫാമിലി സ്കൂൾ തിളങ്ങിയ വർഷം.

**2023–2024** 94% വിജയം 53 ഫുൾ A+. ചേർത്തല ഉപജില്ല യുവജനോത്സവത്തിൽ ഓവറോൾ കിരീടം നേടി. സംസ്ഥാനതല കലോത്സവത്തിൽ സംഘഗാനം, കുച്ചുപ്പുടി, നാടോടി നൃത്തം, വീണ എന്നിവയിൽ A Grade.

**2024–2025:** 96% വിജയം 33 ഫുൾ A+. ചേർത്തല ഉപജില്ല യുവജനോത്സവത്തിൽ ഓവറോൾ കിരീടം നേടി. സംസ്ഥാന കലോത്സവം- കാവ്യകേളി, നാടകം. എറണാകുളം അങ്കമാലി അതിരൂപതാ തലത്തിൽ കെ.സി.എസ്.എൽ.ന്റെ മികച്ച യൂണിറ്റായി ഹോളി ഫാമിലി ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗത്തെ തെരഞ്ഞെടുത്തു.

**2025 – 2026** ചേർത്തല ഉപജില്ലാ കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടാൻ സാധിച്ചു.



